കണ്ണൂർ സർവ്വകലാശാല

(സിംഗിൾ വിൻഡോ അഡ്മിഷൻ സെൽ)

നം.അക്കാദ് SWS/532/2018 Vol II തീയ്യതി:09/07/2018

## പ്രസിദ്ധീകരണത്തിന്

## ബിരുദപ്രവേശനം-നാലാം അലോട്ട്മെന്റ്

2018-19 അധ്യയന വർഷത്തെ ബിരുദപ്രവേശനത്തിനുള്ള നാലാം അലോട്ട്മെന്റ് http://cap.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു..അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അഡ്മിഷൻ ഫീസ് **SBI Collect** മുഖാന്തരം മാത്രം അടച്ച് ഫീസ് അടച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ജൂലൈ 10 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി അപ് ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം അലോട്ട്മെന്റ് റദ്ദാകുന്നതായിരിക്കും..അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് **685/-** രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് **630/-** രൂപയുമാണ്. **UG Admission-Admission Fee(General / SEBC), UG Admission- Admission Fee(SC/ST)** എന്നീ കാറ്റഗറിയിൽ മാത്രം ഓൺലൈനായി ഫീസ് അടക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മറ്റ് കാറ്റഗറിയിൽ ഫീസടച്ചാൽ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. **ഒന്ന്,രണ്ട്,മൂന്ന് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ച് ഫീസ് ഒടുക്കിയ വിവരങ്ങൾ അപ് ലോഡ് ചെയ്ത വിദ്യാർത്ഥികൾ വീണ്ടും ഫീസ് അടക്കേണ്ടതില്ല.**

## കോളേജ് പ്രവേശനം

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ജൂലൈ 10,11 തീയ്യതികളിൽ അതാത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോ വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്.ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, അലോട്ട്മെന്റ് മെമ്മോ, ഫീസടച്ച വിവരങ്ങൾ അടങ്ങിയ പ്രിന്റൗട്ടുകൾ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ,സംവരണ സംബന്ധമായ മറ്റ് രേഖകൾ(നേറ്റിവിറ്റി, കമ്മ്യൂണിറ്റി, നോൺക്രീമിലെയർ സർട്ടിഫിക്കറ്റ്, മെഡിക്കൽ ബോർഡ് അംഗീകരിച്ച ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് മുതലായവ),വെയ്റ്റേജ് അനുവദിക്കുന്നതിനാവശ്യമായ രേഖകൾ(എൻ.എസ്. എസ്/ എൻ.സി.സി,എക്സ് സർവീസ്മെൻ തുടങ്ങിയവ), എസ്. എസ്.എൽ.സി. സർട്ടിഫിക്കറ്റ്,ആധാർ കാർഡ് എന്നിവ സഹിതം അതാത് കോളേജുകളിൽ ഹാജരാകേണ്ടതാണ്.

ഒന്ന് ,രണ്ട്, മൂന്ന് അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് നാലാമത്തെ അലോട്ട്മെന്റിൽ ഹയർ ഓപ്ഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിന്നും

സർട്ടിഫിക്കറ്റുകൾ തിരിച്ചു വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. നാലാമത്തെ അലോട്ട്മെന്റിൽ ഹയർ ഓപ്ഷൻ ലഭിക്കാത്ത താത്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികൾ അടുത്ത അലോട്ട്മെന്റ് വരെ കാത്തിരിക്കേണ്ടതാണ്. ജൂലൈ 14 നാണ് അഞ്ചാമത്തെ അലോട്ട്മെന്റ്.

## താത്ക്കാലിക പ്രവേശനം

ഹയർ ഓപ്ഷൻ നിലനിർത്തുന്നവർക്ക് ആവശ്യമെങ്കിൽ നാലാമത്തെ അലോട്ട്മെന്റിനു ശേഷവും താത്ക്കാലിക പ്രവേശനം നേടാവുന്നതാണ്.ഇതിനായി അവർ സർട്ടിഫിക്കറ്റുകളെല്ലാം ഇപ്പോൾ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാക്കി പ്രവേശനം ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം വിദ്യാർത്ഥികൾ മറ്റു ഫീസുകൾ അടക്കേണ്ടതില്ല. അടുത്ത അലോട്ട്മെന്റിൽ ഈ വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ ലഭിക്കുകയാണെങ്കിൽ ഇപ്പോൾ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിന്നും സർട്ടിഫിക്കറ്റുകൾ തിരിച്ചുവാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടാവുന്നതാണ്.താത്ക്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജുകൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.ഹയർ ഓപ്ഷൻ നിലവിലില്ലാത്ത എല്ലാ വിദ്യാർത്ഥികളും മുഴുവൻ ഫീസ് അടച്ച് അന്നു തന്നെ സ്ഥിരം പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ സംതൃപ്തരാണെങ്കിൽ അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം വെബ്സൈറ്റിൽ ചേർത്തശേഷം അവരുടെ ഹയർ ഓപ്ഷനുകൾ **11.07.2018 ന് 5 മണിക്കുള്ളിൽ** നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേക്ക് പരിഗണിക്കുന്നതും അവർ പുതിയ അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

## മാനേജ്മെന്റ് ക്വാട്ട പ്രവേശനം

അഡ്മിഷൻ അവസാനിക്കുന്ന തീയ്യതി വരെ മാനേജ്മെന്റ് ക്വാട്ടയിലേക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതും പ്രവേശനം നൽകാവുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് 0497-2715261, 0497-2715284 എന്നീ നമ്പറുകളിൽ വിളിക്കുക.

ഒപ്പ്/-
ജോയിന്റ് രജിസ്ട്രാർ(അക്കാദ്)
രജിസ്ട്രാർക്കു വേണ്ടി